കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ്—അന്തർ ജില്ല/അന്തർ വകുപ്പ് മാറ്റം നേടുന്ന ജീവനക്കാരുടെ പ്രൊബേഷൻ—സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (പി) നമ്പർ 1/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, 2019 ജനുവരി 30.

## ഉത്തരവ്

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ഒരേ കാറ്റഗറിയിൽ ഉൾപ്പെടുന്ന തസ്തികകളിൽ വിവിധ ജില്ലകളിലോ വകുപ്പുകളിലോ അനുഷ്ടിച്ചിട്ടുള്ള സേവനകാലം കൂടി കണക്കാക്കി പുതിയ വകുപ്പിൽ/ഓഫീസിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതാണ് എന്ന് കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 10-ൽ നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, പ്രസ്തുത വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 17 (d)-യിൽ അന്തർ ജില്ല/അന്തർ വകുപ്പ് മാറ്റം ലഭിക്കുമ്പോൾ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ (അപ്രൂവ്ഡ് പ്രൊബേഷണർ) പുതിയ ജില്ലയിൽ/വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ ജില്ലയിലെ/വകുപ്പിലെ അപ്രൂവ്ഡ് പ്രൊബേഷണർമാരുടെ ജൂനിയറായിട്ടും പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ ജില്ലയിൽ/വകുപ്പിൽ പ്രൊബേഷണർമാരുടെ ജൂനിയറായിട്ടുമായിരിക്കും പരിഗണിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഒരു ജില്ലയിൽ/വകുപ്പിൽ ഒരേ കാറ്റഗറിയിൽപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരാണെങ്കിൽ, മറ്റൊരു ജില്ലയിൽ/വകുപ്പിൽ അതേ കാറ്റഗറിയിൽ വീണ്ടും പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതില്ല എന്ന് പ്രസ്തുത ചട്ടപ്രകാരം വ്യക്തമാണ്. എന്നാൽ മേൽചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ

GCPT. 3/769/2019/S-16

നിന്നും വ്യത്യസ്തമായി അന്തർ ജില്ല/അന്തർ വകുപ്പ് മാറ്റം വാങ്ങി മറ്റൊരു ജില്ലയിൽ/വകുപ്പിൽ പ്രവേശിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ ടി വകുപ്പിൽ വീണ്ടും ആരംഭിച്ച് പൂർത്തീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, അന്തർ ജില്ല/അന്തർ വകുപ്പ് മാറ്റം വാങ്ങുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒരു ജില്ലയിൽ/വകുപ്പിൽ അതേ കാറ്റഗറിയിലെ ഏതെങ്കിലും തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരാണെങ്കിൽ, മറ്റൊരു ജില്ലയിൽ/വകുപ്പിൽ വീണ്ടും പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കേണ്ടതില്ലായെന്നും ഒരു ജില്ലയിൽ/വകുപ്പിൽ പ്രൊബേഷൻ പൂർത്തീകരിക്കാതെ അന്തർ ജില്ല/അന്തർ വകുപ്പ് മാറ്റം വാങ്ങുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ ടി ജില്ലയിലെ/വകുപ്പിലെ അതേ കാറ്റഗറിയിൽപ്പെട്ട തസ്തികകളിലെ സേവനകാലംകൂടി കണക്കാക്കിക്കൊണ്ട് പുതിയ വകുപ്പിൽ/ഓഫീസിൽ പ്രഖ്യാപിക്കാവുന്നതാണ് എന്നും സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സെക്രട്ടറി.*

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/ എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി,) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

---

**മേലെഴുത്ത് കത്ത് നമ്പർ – ഇ5-6712/2019/ഡി.ഐ.എം.എസ് തീയതി, 30.04.2019**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി**

**സ്വീകർത്താവ്**

**എല്ലാ സ്ഥാപന മേധാവികൾക്കും**

**പകർപ്പ് - ഫയൽ/സ്റ്റോക്ക് ഫയൽ**

Skv-3.5.19